കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' ഒക്ടോബർ 09 ബുധൻ

# ഉപതിരഞ്ഞെടുപ്പ്: ചെലവ് പരിശോധന ഇന്ന് (10.10.2019)

ആലപ്പുഴ: അരൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളുടെ ചെലവ് കണക്കുകൾ ചെലവ് നിരീക്ഷകൻ ഇന്ന് (10.10.2019) പരിശോധിക്കും. രാവിലെ 10.30ന് പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കുന്ന പരിശോധനയിൽ സ്ഥാനാർത്ഥികളോ, ഏജന്റുമാരോ ചെലവ് രജിസ്റ്റർ, ബില്ലുകൾ, വൗച്ചറുകൾ, ബാങ്ക് പാസ് ബുക്ക്, എന്നിവ സഹിതം എത്തണമെന്ന് ജില്ല തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ കൂടിയായ ജില്ല കളക്ടർ അറിയിച്ചു.

# ഉപതിരഞ്ഞെടുപ്പ്: മാസ്റ്റർ ട്രെയ്നർമാർക്കുള്ള പരിശീലനം നൽകി

ആലപ്പുഴ: അരൂർ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി പ്രിസൈഡിംഗ് ഓഫീസർമാർക്കും, പോളിംഗ് ഓഫീസർമാർക്കും പരിശീലനം നൽകുന്ന മാസ്റ്റർ ട്രെയ്നർമാർക്കുള്ള പരിശീലനം നൽകി. ആലപ്പുഴ കളക്ടറേറ്റിലെ ആസൂത്രണ സമിതി ഹാളിൽ നടന്ന പരിശീലനത്തിൽ നൂതനമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ള വോട്ടിംഗ് മെഷീനുകളുടെ പ്രവർത്തനമാണ് മാസ്റ്റർ ട്രെയ്നികൾക്ക് പ്രധാനമായും പരിചയപ്പെടുത്തിയത്. ഒക്ടോബർ 11,12 തീയതികളിൽ മാസ്റ്റർ ട്രെയ്നികൾ മറ്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകും. മുൻപ് ഉപയോഗിച്ചിരുന്ന വോട്ടിംഗ് യന്ത്രങ്ങളിൽ നിന്നും ഏറെ മാറ്റമുള്ള എം.ടു മെഷീനുകളാണ് അരൂർ ഉപതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നത്. അതിനാൽ തന്നെ ഇതിന്റെ പ്രവർത്തനങ്ങളാണ് പരിശീലനത്തിൽ പ്രധാനമായും ഉദ്യോഗസ്ഥർക്കായി പരിചയപ്പെടുത്തിയത്. സംസ്ഥാന മാസ്റ്റർ ട്രെയ്നി വേലായുധൻ പിള്ള, ജില്ല ട്രെയ്നിംഗ് നോഡൽ ഓഫീസർ അബ്ദുൾ റഷീദ്, ജില്ല ട്രെയ്നിംഗ് കോഡിനേറ്റർ സന്തോഷ്കുമാർ എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

# ചാനലുകളും പത്രങ്ങളും തിയറ്ററുകളും പരസ്യം നൽകുമ്പോൾ സർട്ടിഫിക്കറ്റ് കൂടി ആവശ്യപ്പെടണം

ആലപ്പുഴ: അരൂർ ഉപതിരഞ്ഞെടുപ്പിന്റെ ഭാഗമായി ചാനലുകൾ, പ്രാദേശിക ചാനലുകൾ, റേഡിയോ നിലയങ്ങൾ എന്നിവയിൽ സ്ഥാനാർഥികളും, കക്ഷികളും നൽകുന്ന പരസ്യങ്ങൾ നൽകും മുമ്പ് അവയ്ക്ക് മീഡിയ സർട്ടിഫിക്കേഷൻ സമതിയുടെ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കിയിരിക്കണമെന്ന് ജില്ലാതല മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിങ് സമതി (എം.സി.എം.സി.) ചെയർമാനായ ജില്ല കളക്ടർ ഡോ. അദീല അബ്ദുള്ള അറിയിച്ചു. അംഗീകാരമില്ലാത്ത ഒരു പരസ്യവും പ്രദർശിപ്പിക്കുകയോ സംപ്രേഷണം ചെയ്യുകയോ പ്രക്ഷേപണം ചെയ്യുകയോ പാടില്ലെന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിബന്ധന. ഇത്തരം പരസ്യങ്ങൾ എം.സി.എം.സി. സമതി നിത്യവും അവലോകനം ചെയ്ത് കമ്മിഷന് റിപ്പോർട്ട് നൽകും. ഇത്തരത്തിലുള്ള പരസ്യങ്ങൾ സ്ഥാനാർഥിയുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾക്കൊള്ളിക്കേണ്ടതായതിനാലാണ് പരസ്യങ്ങൾക്ക് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരിക്കുന്നത്.

തിരഞ്ഞെടുപ്പ് പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യുകയോ സംപ്രേഷണം ചെയ്യുകയോ ചെയ്യുന്ന ചാനലുകളും റേഡിയോ നിലയങ്ങളും അവയുടെ വിശദാംശം അടിയന്തരമായി ജില്ലാതല എം.സി.എം.സി. ഓഫീസിൽ നൽകണമെന്ന് ജില്ല തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടർ അറിയിച്ചു. സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ പരസ്യങ്ങൾ സംബന്ധിച്ച് വരണാധികാരിക്ക് നിത്യവും റിപ്പോർട്ട് നൽകും.

# എസ്.എം.എസ്., ശബ്ദസന്ദേശ പരസ്യം: എം.സി.എം.സി. സർട്ടിഫൈ ചെയ്യണം

ആലപ്പുഴ: അരൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥികളും മൊബൈൽ ഫോണുകളിൽ എസ്.എം.എസ്., റെക്കോഡ് ചെയ്ത ശബ്ദസന്ദേശം വഴി നടത്തുന്ന പ്രചരണത്തിന് മുൻകൂർ അനുമതി വാങ്ങണമെന്ന് ജില്ല തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടർ അറിയിച്ചു.

പരസ്യത്തിന്റെ സ്വഭാവമുള്ള ഇത്തരം എസ്.എം.എസുകളുടെ പരസ്യവാചകങ്ങൾ മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിങ് കമ്മിറ്റിക്കു സമർപ്പിച്ച് സർട്ടിഫൈ ചെയ്യണം. പ്രചരണത്തിനായി അയക്കുന്ന കൂട്ട എസ്.എം.എസ്., റേക്കോഡഡ് വോയ്സ് മെസേജുകൾ എന്നിവയുടെ എണ്ണം, സേവനദാതാവുമായുള്ള കരാറിന്റെ വിവരങ്ങൾ, ഇതിന്റെ ചെലവ് തുടങ്ങിയ വിവരങ്ങളും എം.സി.എം.സി.ക്ക് നൽകണം. സർട്ടിഫിക്കേഷനുള്ള പരസ്യങ്ങൾ മാത്രമേ സേവനദാതാക്കളും ഇതുമായി ബന്ധപ്പെട്ട ഏജൻസികളും കമ്പനികളും നൽകാവൂവെന്ന് ജില്ല കളക്ടർ അറിയിച്ചു.

# പെയ്ഡ് ന്യൂസ്: മാധ്യമനിരീക്ഷണത്തിനു സമിതി

ആലപ്പുഴ: അരൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ ഇലക്ട്രോണിക് മാധ്യമങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പരസ്യങ്ങൾ സർട്ടിഫൈ ചെയ്യാനും അച്ചടി-ദൃശ്യ-ശ്രാവ്യമാധ്യമങ്ങളിൽ പണം നൽകി വാർത്തകൾ (പെയ്ഡ് ന്യൂസുകൾ) പ്രസിദ്ധീകരിക്കുകയോ സംപ്രേഷണം/പ്രക്ഷേപണം നടത്തുകയോ ചെയ്യുന്നുണ്ടോയെന്നു പരിശോധിക്കാനുള്ള ജില്ലാതല മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിങ് കമ്മിറ്റി (എം.സി.എം.സി.) പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ തിരഞ്ഞെടുപ്പു പരസ്യങ്ങളുടെ സർട്ടിഫിക്കേഷനൊപ്പം പത്ര-ഇലക്ട്രോണിക് മാധ്യമങ്ങൾ നിരീക്ഷിക്കുകയും പരസ്യങ്ങൾ, പെയ്ഡ് ന്യൂസ്, സ്ഥാനാർഥികളുമായും രാഷ്ട്രീയകക്ഷികളുമായി ബന്ധപ്പെട്ട വാർത്തകൾ എന്നിവ റെക്കോർഡു ചെയ്യുകയും ചെയ്യും. മാതൃക പെരുമാറ്റച്ചട്ടം നിലവിലിരിക്കുമ്പോൾ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും കേബിൾ ചാനലുകൾ, റേഡിയോ, സോഷ്യൽ മീഡിയ എന്നിവയടക്കമുള്ള ഇലക്ട്രോണിക് മാധ്യമങ്ങളും സിനിമ തീയറ്ററുകളും വഴി പരസ്യങ്ങൾ സംപ്രേഷണം/പ്രക്ഷേപണം ചെയ്യുന്നതിനും പൊതു സ്ഥലങ്ങളിൽ ശ്രവ്യ-ദൃശ്യ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും സമിതിയുടെ മുൻകൂർ അനുമതി വാങ്ങണം.

ഏതെങ്കിലും സ്ഥാനാർഥിയെയോ രാഷ്ട്രീയപാർട്ടിയേയോ പുകഴ്ത്തിയോ ഇകഴ്ത്തിയോ ഒന്നിലധികം പത്രങ്ങളിൽ സമാനമായോ മിനുക്കുപണികളോടെയോ പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടുകളും മറ്റും പെയ്ഡ് ന്യൂസിന്റെ ഗണത്തിലാണോയെന്നു പരിശോധിക്കും. ഇലക്ട്രോണിക് മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യപ്പെടുന്നവയും നിരീക്ഷിക്കും. ഇതു സംബന്ധിച്ച് സ്ഥാനാർഥിയോട് വിശദീകരണം തേടും. പെയ്ഡ് ന്യൂസാണെന്നു തെളിഞ്ഞാൽ പരസ്യം എന്ന നിലയിൽ സ്ഥാനാർഥിയുടെ തിരഞ്ഞെടുപ്പ് ചെലവിൽ തുക ഉൾക്കൊള്ളിക്കാൻ നടപടിയെടുത്ത് തിരഞ്ഞെടുപ്പ് കമ്മിഷനു റിപ്പോർട്ട് ചെയ്യും. മാതൃക പെരുമാറ്റചട്ടങ്ങൾക്ക് എതിരായ പ്രവർത്തനവും റിപ്പോർട്ട് ചെയ്യും.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെയ്ഡ് ന്യൂസുകളും സ്ഥാനാർഥികളുടെയും രാഷ്ട്രീയപാർട്ടികളുടെയും വാർത്തകളും പരസ്യങ്ങളും അവലോകനം ചെയ്യുന്ന കമ്മിറ്റി ഓരോ സ്ഥാനാർഥിയേയും കുറിച്ചുള്ള റിപ്പോർട്ട് വരണാധികാരിക്കും ചെലവു നിരീക്ഷകനും നൽകും. സ്വതന്ത്രമായും പരപ്രേരണ കൂടാതെയും വോട്ടുചെയ്യാനുള്ള സമ്മതിദായകന്റെ അവകാശത്തിൽ പെയ്ഡ് ന്യൂസുകൾ അനുചിതമായ സ്വാധീനം ചെലുത്തുന്നതായും തിരഞ്ഞെടുപ്പിൽ പണത്തിന്റെ സ്വാധീനശക്തിക്ക് അവ പ്രോത്സാഹനം നൽകുന്നതായും കണ്ടെത്തിയതിനെ തുടർന്നാണ് തിരഞ്ഞെടുപ്പ് കമ്മിഷൻ എം.സി.എം.സി.ക്കു രൂപം നൽകിയത്.

# ഇന്റർനെറ്റിലൂടെയുള്ള തിരഞ്ഞെടുപ്പ് പ്രചരണത്തിനും പെരുമാറ്റച്ചട്ടം ബാധകം

ആലപ്പുഴ: ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുന്ന വിവരങ്ങൾക്ക് തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാതൃക പെരുമാറ്റച്ചട്ടവും അനുബന്ധ നിർദ്ദേശങ്ങളും

ബാധകമായിരിക്കും. സോഷ്യൽ മീഡിയയും വെബ്സൈറ്റുകളും ഇലക്ട്രോണിക് മാധ്യമങ്ങളുടെ നിർവചനത്തിൽ വരുന്നതിനാൽ തിരഞ്ഞെടുപ്പ് പരസ്യങ്ങൾ അവയിൽ പ്രസിദ്ധീകരിക്കുന്നതിന് എം.സി.എം.സിയുടെ അനുമതി വാങ്ങിയിരിക്കണം.

സോഷ്യൽ മീഡിയയിലെ പരസ്യങ്ങൾക്കുള്ള ചെലവുകളും തിരഞ്ഞെടുപ്പ് ചെലവുകളുടെ പരിധിയിൽ ഉൾപ്പെടും. ഇത്തരം പരസ്യങ്ങളുടെയും വ്യക്തമായ കണക്കുകൾ സ്ഥാനാർഥികളും പാർട്ടികളും ഹാജരാക്കണം. പ്രചരണാവശ്യങ്ങൾക്കായി ഇന്റർനെറ്റ് കമ്പനികൾക്ക് നൽകുന്ന പണവും പ്രചരണവുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിലും വെബ്സൈറ്റുകളിലും വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനും വേണ്ടിവരുന്ന ചെലവുകളും ഇതിൽ ഉൾപ്പെടും.

# അദാലത്ത് 12ന്

ആലപ്പുഴ: ആധാരത്തിൽ വില കുറച്ച് കാണിച്ചത് മൂലം പണമടയ്ക്കുവാൻ കുടിശ്ശിക വരുത്തിയിട്ടുള്ള അണ്ടർ വാലുവേഷൻ കേസുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി ജില്ല ലീഗൽ സർവ്വീസ് അതോറിറ്റി ഈ മാസം 12ന് 10മണിക്ക് ആലപ്പുഴ ജില്ല കോടതിയിൽ അദാലത്ത് നടത്തും. നോട്ടീസ് ലഭിച്ചിട്ടുള്ള കക്ഷികൾ അന്നേ ദിവസം അദാലത്തിൽ പങ്കെടുത്ത് പണമടച്ച് തുടർന്നുള്ള ജപ്തി നടപടികളിൽ നിന്നും ഒഴിവാകാമെന്ന് ജില്ല ലീഗൽ സർവ്വീസ് അതോറിറ്റി അറിയിച്ചു.